
10
2021
സെപ്റ്റംബർ
വെള്ളി
1197
ചിങ്ങം 25

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 148 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-148 പേജ് 4. വില 2.00 രൂപ




02 സർക്കാർ സേവനങ്ങൾ പരമാവധി വീട്ടുപടിക്കലെത്തിക്കും: മുഖ്യമന്ത്രി
03 ഉന്നതവിദ്യാഭ്യാസ രംഗം പരിഷ്കരിക്കുന്നതിന് മൂന്ന് സമിതികൾ: മന്ത്രി
04 വനിതകൾക്കു ചാട്ടവാറടി; മാധ്യമപ്രവർത്തകർക്കു മർദനം

# അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങൾ

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവും നടത്തിപ്പും അദാനി തുറമുഖകമ്പനി ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതു മുതൽ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങളും ആരംഭിച്ചിരുന്നു. അദാനി ഗ്രൂപ്പിന്റെ സാമൂഹ്യ പ്രതിബദ്ധതാ വിഭാഗമായ അദാനി ഫൗണ്ടേഷനാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, ഉപജീവനം, നൈപു ണ്യ വികസനം, സാമൂഹ്യ അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിലാണ് സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്. വിഴിഞ്ഞം തുറമുഖത്തോട് ചേർന്ന് 2 കിലോമീറ്റർ ചുറ്റളവിൽ പദ്ധതി ബാധിത പ്രദേശം കേന്ദ്രീകരിച്ചാണ് ഈ പ്രവർത്തനങ്ങൾ നടക്കു ന്നത്. വിവിധ പ്രവർത്തനങ്ങളിലൂടെ ഓരോ വർഷവും ശരാശരി 50,000 പേർക്കെങ്കിലും സേവനം ലഭ്യമാകുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. 2016 മുതൽ അദാനി വിഴിഞ്ഞം തുറമുഖം നടപ്പിലാക്കിയ വിവിധ സാമൂഹ്യ പ്രവർത്തനങ്ങളുടേയും കോവിഡ് പ്രതിരോധപ വർത്തനങ്ങളുടെയും ഒരു സംക്ഷിപ്തരൂപമാണ് ചുവടെ ചേർത്തിട്ടുള്ളത്.

## 1.കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 5 കോടി രൂപയുടെ സാമ്പത്തികസഹായം.

കേരളസർക്കാരിന് 1012 ഓക്സിജൻ സിലിണ്ടറുകൾ

20 ടൺ വാഹകശേഷിയുള്ള 3 ഓക്സിജൻ കണ്ടയറുകൾ. തിരുവനന്തപുരം നഗരസഭയുടെ നേതൃത്വത്തിൽ കോവിഡ് ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സജ്ജ മാക്കാൻ 500 കട്ടിൽ, കിടക്ക, തലയിണ, ബഡ്ഷീറ്റ്. 300 കോവിഡ് ഹൈജീൻ ഇമ്യൂണിറ്റി എസൻഷ്യൽ കിറ്റുകൾ, 21000ത്തോളം മാസ്കകൾ, 12000 കിലോഗ്രാം ഭക്ഷ്യധാന്യം, 1000 നാളികേരം (സാമൂഹ്യ അടുക്കൾക്കായി) 20 പൾസ് ഓക്സിമീറ്ററുകൾ, 70 ലിറ്റർ സാനിട്ടൈസർ, ഗ്ലൗസുകൾ എന്നിവയുടെ വിതരണം. സൗജന്യ മൊബൈൽ ഹെൽത്ത് കെയർ യൂണിറ്റിന്റെ സേവനം (10,000 പേർ) കോവിഡ് പ്രാരംഭഘട്ടത്തിൽ 3 ഇടങ്ങളിൽ കൈകൾ കഴുകാനുള്ള സംവിധാനവും ബ്രേക്ക് ദി ചെയിൻ ക്യാമ്പയിനും (6,000 പേർ) 50 സന്നദ്ധപ്രവർത്തകരുടെ നേതൃത്വത്തിൽ സാമൂഹ്യ അവബോധ പ്രവർത്തനങ്ങൾ (3000 പേർ).

പൊതുഇടങ്ങൾ, ഭവനങ്ങൾ എന്നിവയുടെ വൃത്തിയാക്കലും അണുനശീകരണവും. ആരോഗ്യ സേതു ആപ്പിന്റെയും ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സകളുടെയും (250

പേർ) പ്രോത്സാഹനം. മാനസികാരോഗ്യ പിൻതുണയും ടെലികൗൺസലിംഗും. (2400 പേർക്ക് )

## 2.വിദ്യാഭ്യാസം

വിഴിഞ്ഞം പ്രദേശത്തെ സ്കൂളുകൾക്കായി 14 സ്മാർട്ട് ക്ലാസും ഉപകരണങ്ങൾ.

10 ാം ക്ലാസിൽ ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് 20,000 / രൂപയുടെ

കോളർഷിപ്പ് (160 വിദ്യാർത്ഥികൾ)

മാരക രോഗികൾക്കുള്ള സഹായം. (10,000/ രൂപ മുതൽ 25,000/ രൂപ വരെ) (പ്രതിവർഷം കുറഞ്ഞത് 10 പേർക്ക് )

വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാ ഉപയോഗം കാര്യ



ക്ഷമമാക്കുന്നതിനുവേണ്ടി എല്ലാ വർഷവും കുറഞ്ഞത് 500 വിദ്യാർത്ഥികൾക്കുവരെ ഈ പരിശീലനം നൽകി വരുന്നു. (1305 കുട്ടികൾ)

സായാഹനതീവ പരീക്ഷാപരിശീലനം സെന്റ് മേരീസ് ഹയർസെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികളുടെ അവസാന പരീക്ഷയ്ക്കായി മുമ്പായി ഈ പരിശീലനം നടത്തി വരുന്നു. (540 കുട്ടികൾ) അംഗൻവാടികളെ ബാലസൗഹൃദമാക്കാനുള്ള പെയിന്റിംഗുകൾ സ്വന്തമായി കെട്ടിട മുള്ള 13 അംഗൻവാടികളിൽ പൂർത്തിയാക്കി, വിഴിഞ്ഞം മേഖലയിലെ 5 വാർഡുകളിലെ 49 അംഗൻവാടികൾക്ക് വാട്ടർ പ്യൂരിഫയ റുകളും, ബേബിചെയറുകളും (12 എണ്ണം വീതം) വിദ്യാർത്ഥികളിലെ സാഹിത്യവാസന വർദ്ധിപ്പിക്കുന്നതിനായി വിഴിഞ്ഞം മേഖല യിലെ രണ്ട് വാർഡുകളിൽ വിവിധ സാഹിത്യകാരന്മാരുടെയും അദ്ധ്യാപകരുടെയും നേതൃത്വത്തിൽ പതിമാസ സാഹിത്യാഭിരുചി കൂട്ടായ്മകൾ സംഘടിപ്പിച്ചു. വരുന്നു.(110 കുട്ടികൾ) വിഴിഞ്ഞം മേഖലയിലെ വിധവകളായ അമ്മമാരുടെ പെൺകുട്ടികൾക്ക് 100 സൈക്കിളുകൾ വിതരണം ചെയ്തു. കേന്ദ്ര, സംസ്ഥാന, പൊതുമേഖലാസ്ഥാനങ്ങളിലെ ജോലികൾക്കായി നടത്തുന്ന മത്സര പരീക്ഷാ പരിശീലനം (610 യുവതീ യുവാക്കൾ രജിസ്ട്രേഷൻ പൂർത്തിയാക്കി) 110 പേർ തുടർച്ചയായി ഓൺലൈൻ ക്ലാസിൽ പങ്കെടുത്ത് പഠി ക്കുന്നു.

തൊഴിൽ അന്വേഷിക്കുന്നവർക്ക് പെയ്മെന്റും മറ്റ് സംവിധാനങ്ങളും ഒരുക്കുകയും ബയോഡേറ്റ് തയ്യാറാക്കാനും, ഇന്റർവ്യൂ പങ്കെടുക്കാനാവശ്യമായ പരിശീലന നൽകുകയും വരുന്ന തൊഴിൽ അവസരങ്ങൾ അവരെ അറിയിക്കുകയും ചെയ്യുന്നു. 16 പേർക്ക് അവസരം ലഭിക്കുകയും ചെയ്തു.

## 3.ആരോഗ്യം

സൗജന്യ മൊബൈൽ ഹെൽത്ത് കെയർ യൂണിറ്റ് വഴി 55075 രോഗികൾക്ക് ചികിത്സ ലഭ്യമാക്കി (9362 രജിസ്റ്റേർഡ് രോഗികൾ ഡോക്ടർ, ഫാർമസിസ്റ്റ്, സോഷ്യൽ വർക്കർ എന്നിവരടങ്ങിയ വിദഗ്ദ്ധസംഘം ആഴ്ചയിൽ 6 ദിവസവും 5 വാർഡുകളിലായി സന്ദർശിക്കുന്നു. മൊബൈൽ ഹെൽത്ത് കെയർ യൂണിറ്റിന്റെ സൗജന്യസേവനം കൂടാതെ പ്രത്യേക 21 മെഡിക്കൽ ക്യാമ്പുകളും നടത്തി. (2000 പേർ) വൈകല്യമുള്ള പാവപ്പെട്ട രോഗികൾക്ക് 14 വീൽചെയറുകൾ വിതരണം ചെയ്തു. (1ഇലക്ട്രോണിക് വീൽചെയർ) ഒരു പെൺകുട്ടിക്ക് നിഷ് സാങ്കേതികസഹായത്തോടുകൂടി ശ്രവണസഹായി നൽകി.

സാമൂഹ്യ അവബോധ പ്രവർത്തനങ്ങളുടെ ഭാഗമായി ശുചിത്വം, രോഗപ്രതിരോധം, മാലിന്യസംസ്കരണം, എന്നീ മേഖലകളിൽ പൊതുജനങ്ങൾക്ക് കമ്മ്യൂണിറ്റി വോളണ്ടിയർമാരുടെ സഹായത്തോടെ ബോധവത്ക്കരണ ക്ലാസ്സുകൾ നൽകി വരുന്നു. ഖരമാലിന്യസംസ്കരണത്തിനായി വിഴിഞ്ഞം, ഹാർബർ, കോട്ടപ്പുറം വാർഡുകളി ലായി 26 തുമ്പൂർമുഴി എയ്റോബിക്ക് ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. അതിന്റെ പരിപാലനത്തിനായി കോർപ്പറേഷൻ 9 ക്ലീനിംഗ് തൊഴിലാളികളെ നിയമിച്ചിട്ടുണ്ട്. (1500 കുടുംബങ്ങൾ) വനിതാകാർഷിക കർമ്മസേനയുടെ നേതൃത്വത്തിൽ, തിരുവനന്തപുരം കോർപ്പറേ ഷൻ, സ്വയം തൊഴിൽ സംരംഭഗ്രൂപ്പുകൾ എന്നിവർ ചേർന്ന് ശുചിത്വക്യാമ്പയിനു കൾ നടത്തി വരുന്നു. (710 തൊഴിൽ ദിനങ്ങൾ) നിർദ്ധനരായ ക്യാൻസർ രോഗികളെ സഹായിക്കുവാൻ അഭയം ചാരിറ്റബിൾ സൊസൈറ്റിയുമായി ചേർന്ന് നടപ്പിലാക്കി വരുന്ന പദ്ധതിയാണിത് ക്യാൻസർ കെയർ സപ്പോർട്ട്. 53 ക്യാൻസർ രോഗികളിൽ 20 പേർ കിടപ്പുരോഗികളാണ്. വാട്ടർബെഡുകൾ, ഡയപ്പറുകൾ, യൂറിൻ ട്യൂബുകൾ, ദ്രവരൂപത്തിൽ മാത്രം ഭക്ഷണം കഴിക്കുന്നവർക്കായി എൻഡ്യൂർ, പാട്ടീൻ പൗഡർ, ഓട്ട്സ് എന്നിവ അടങ്ങിയ ഭക്ഷ്യകിറ്റ്, മെഡിക്കൽ സഹായം എന്നീ സേവനങ്ങളാണ് പദ്ധതിയുടെ ഭാഗമായി നൽകിവരുന്നത്. ഗവൺമെന്റ് സ്കീമുകളെക്കുറിച്ച് ജനങ്ങളെ അറിയിക്കുകയും അതിനു വേണ്ടിയിട്ടുള്ള സഹായം ചെയ്തുകൊടുക്കുന്നു. (100 പേർ)

50 പേർ അടങ്ങുന്ന ഏയ്ഞ്ചൽസ് ആർമിയുമായി ചേർന്ന് കമ്മ്യൂണിറ്റി അവബോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഒരു വീട്ടിലേക്ക് ആവശ്യമായ പച്ചക്കറികൾ, വീട്ടിൽ തന്നെ ഉണ്ടാക്കുക എന്ന തത്വത്തെ അടിസ്ഥാനമാക്കി. അതിൽ ഒന്നാം ഘട്ടമായി 260 വീടുകളിൽ അടുക്കള

ത്തോട്ടം നടപ്പിലാക്കി. തുടർപ്രവർത്തനം എന്ന നിലക്ക് ഈ വർഷം 740 ഭവനങ്ങ ളിൽ ഈ പദ്ധതി നടപ്പിലാക്കുകയാണ്. കൃഷിയുമായി ബന്ധപ്പെട്ട സാങ്കേതിക വിദ്യകൾ പഠിക്കുന്നതിനായി മുക്കോലയിൽ ഒരു ഫാം സ്കൂൾ പ്രവർത്തനം ആരംഭിച്ചു.

## 4.നൈപുണ്യവികസനം

വിവിധ നൈപുണ്യവികസന കോഴ്സുകളിലായി 812 യുവതിയുവാക്കൾക്ക് പരിശീല

നം നൽകി, ഡിജിറ്റൽ കമ്പ്യൂട്ടർ സാക്ഷരത പരിശീലനത്തിലൂടെ ഓൺലൈൻ വാട്ടർ ബില്ല്, ഇലക്ട്രിസിറ്റി ബില്ല്, മറ്റ് ബാങ്ക് ഇടപാടുകൾ നടത്താൻ സാധാരണക്കാരെ പ്രാപ്തരാക്കി. (6000 പേർ) സ്വയം തൊഴിൽ സ്വയം തൊഴിൽ സംരംഭങ്ങളുടെ ഭാഗമായി 565 വനിതകൾക്ക് പരിശീലനം നൽകുകയും 22 സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

വ്യക്തിഗത സ്വയം തൊഴിൽ സംരംഭങ്ങളുടെ ഭാഗമായി 14 സംരംഭകർക്ക് സഹായം നൽകി.

പോർട്ട്സ് മേഖലയിലെ പ്രവർത്തനങ്ങളുടെ ഭാഗമായി കോവളം എഫ് സിയിലെ കുട്ടികൾക്ക് സ്പോർട്സ് സാധനങ്ങൾ, പോക്ഷകാഹാരം, മോട്ടിവേഷൻ ക്ലാസുകൾ എന്നിവ നൽകി. കോട്ടപ്പുറം സെന്റ് മേരീസ് സ്കൂളിലെ വിദ്യാർത്ഥികൾക്കായി ജില്ലാ സ്പോർട്ട് കൗൺസിലിന്റെ സഹായത്തോടെ ഫുഡ്ബോൾ, ബാസ്ക റ്റ്ബോൾ പരിശീലനങ്ങൾ നൽകാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

## 5.പ്രാദേശിക അടിസ്ഥാന സൗകര്യവികസനം

അടിസ്ഥാന സൗകര്യവികസനങ്ങളുടെ ഭാഗമായി കോട്ടപ്പുറം, വിഴിഞ്ഞം, ഹാർബർ വാർഡുകളിലെ പൊതുകുളിമുറി നവീകരണം ശുചിമുറിസമുച്ചയങ്ങൾ കോട്ടപ്പുറം വിഴിഞ്ഞം മാർക്കറ്റ് ഹാർബർ എന്നീ മേഖലക ളിൽ പൊതു കക്കൂസുകൾ നിർമ്മിച്ചു. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു നിലകെട്ടിടനിർമ്മാണ സഹായം (2.7 കോടി രൂപയിൽ 1,18 കോടി രൂപ കൈമാറി)

2017 2018 കാലയളവിൽ 10 ക്ലാസ് റൂമുകൾ അടങ്ങുന്ന ഇരുനിലകെട്ടിടം ഹാർബർ

എച്ച് എ എൽ പി സ്കൂളിന് പണിത് നൽകി. 2018 2019 കാലയളവിൽ 10 ക്ലാസ് റൂമുകൾ അടങ്ങുന്ന ഇരുനിലകെട്ടിടം മുല്ലൂർ യു പി എസ് സ്കൂളിന് പണിത് നൽകി. ഹാർബർ എച്ച് എ എൽ പി സ്കൂളിന് മേൽക്കൂരയും ബാത്തം സംവിധാനം ചെയ്തു നൽകി. അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി മുടുപ്പുര സ്കൂളിന് സ്റ്റേജും കൈക ഴുകൽ സംവിധാനവും നടപ്പിലാക്കി. കിടാരക്കുഴി സ്കൂളിന് റ്റോയിലറ്റ് സംവിധാനം നൽകി. കമ്മ്യൂണിറ്റി റിസോഴ്സ് സെന്റർ സി എസ് ആർ ഓഫീസ് ഗംഗയാർതോടിന്റെ നീരൊഴുക്ക് സുഗമമാക്കൽ, ബണ്ട് ബലപ്പെടുത്തൽ എന്നിവയു മായി ബന്ധപ്പെട്ട ജോലികൾ മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായി ചേർന്ന് സമീപഭാവിയിൽ പൂർത്തീകരിക്കും. (വി.ഐ.എസ്.എൽ ഏവിപിപിൽ സംയുക്തമായി ) 2017 2018 കാലയളവിൽ 50 പൊതു കിണറുകൾ വൃത്തിയാക്കി. കോട്ടപ്പുറം സെന്റ് മേരീസ് സ്കൂൾ പ്ലേഗൗണ്ട് നവീകരണം (ഫുഡ്ബാൾ ഗ്രൗണ്ട്, ബാസ്കറ്റ് ബാൾ, വോളീബോൾ, ടയിനേജ് സംവിധാനം, ഗ്യാലറി) വിഴിഞ്ഞം ആസാദ് സ്മാരകഗ്രന്ഥശാല നവീകരണം മരിയൻനഗർ ഓടി റോഡ് നവീകരണം വയലിൻകര വെള്ളകെട്ട് പ്രതിരോധ നിർമ്മാണപ്രവർത്തനങ്ങൾ (പൈപ്പ് ലൈൻ, തെരുവ് വിളക്ക്, അടുക്കളത്തോട്ടം എല്ലാ വീടുകൾക്കും) അമ്പ്രാഞ്ചിവിള സ്നേഹസാന്ദ്രം വൃദ്ധസദനകെട്ടിടനിർമ്മാണം (20 കിടക്കകൾ) കമ്മ്യൂണിറ്റി സ്റ്റിഗ്സ് സ്പെയ്സ് (ഒരു സ്ഥലത്തിന്റെ ജോലി പുരോഗമിച്ചു വരുന്നു, 4 സ്ഥലങ്ങളിൽ പൂർത്തിയാകുന്ന മുറയ്ക്ക് ജോലി പുരോഗമിക്കും) മറ്റ് പ്രവർത്തനങ്ങൾ

5 വയസുവരെയുള്ള കുഞ്ഞുങ്ങളിലെ പോഷകശോഷണവും സ്ത്രീകളിലെയും പെൺകുട്ടികളിലെയും വിളർച്ചയും ഇല്ലാതാക്കാൻ വേണ്ടി നടപ്പിലാക്കി വരുന്ന 'സുപോഷൺ" പദ്ധതി, സ്വച്ഛാഗ്രഹ ശുചിത്വത്തിനുവേണ്ടിയുള്ള സത്യാഗ്രഹ പരിശീലന പരിപാടി (130 സ്കൂൾ)

ഓഖി സഹായം ഭക്ഷ്യധാന്യങ്ങൾ, 1000 ലെസേവിംഗ് ജാക്കറ്റ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 2.5 കോടി രൂപ പളയസഹായം പ്രളയസഹായകിറ്റ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 25 കോടി രൂപ, ശുചിത്വസഹായം,

# ഉന്നതവിദ്യാഭ്യാസ രംഗം പരിഷ്കരിക്കുന്നതിന് മൂന്ന് സമിതികൾ: മന്ത്രി ആർ. ബിന്ദു

തിരുവനന്തപുരം: ഉന്നത വിദ്യാഭ്യാസ രംഗത്ത് സമൂലമായ പരിഷ്കാരം ലക്ഷ്യമിട്ട് മൂന്നു സമിതികളെ സർക്കാർ നിയോഗിക്കാൻ തീരുമാനിച്ചതായി ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ. ബിന്ദു. വിദ്യാഭ്യസ രംഗത്ത് നിലവിലുള്ള ഡാറ്റകൾ പരിശോധിച്ച് പോരായ്മകൾ നികത്തി ഗുണമേന്മയും മികവും ആർജിക്കുന്ന വിധത്തിൽ കാലാനുസൃത പരിഷ്ക്കാരം വരുത്തുന്നതിന് ഒരു ഉന്നത വിദ്യാഭ്യാസ കമ്മീഷനെ സർക്കാർ നിയോഗിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

കമ്മീഷൻറെ ചെയർമാൻ അംബേദ്ക്കർ സർവകലാശാലയുടെ മുൻ വൈസ് ചാൻസിലർ ഡോ. ശ്യാം ബി. മേനോനാണ്. കൺവീനർ ഐഐടി ചെന്നൈ ഫിസിക്സ് ഡിപ്പാർട്ടമെൻറ് ഡയറക്ടർ ഡോ. പ്രതീപ് ടി. അംഗങ്ങളായി മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസിലർ ഡോ. സാബു തോമസ്, ജെഎൻയു പ്രൊഫസർ ഡോ. ഐഷാ കിദ്വായ്, സംസ്ഥാന ആസൂത്രണ ബോർഡ് അംഗം പ്രൊഫസർ രാംകുമാർ, കണ്ണൂർ സർവകലാശാല പ്രൊവൈസ് ചാൻസിലർ സാബു അബ്ദുൽ ഹമീദ്, കാലിക്കറ്റ് സർവകലാശാല റിട്ട. പ്രൊഫസർ എം.വി. നാരായണൻ എന്നിവരെയും നിയോഗിച്ചു.

സർവകലാശാല നിയമപരിഷ്കാര കമ്മീഷൻ ചെയർമാനായി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് മുൻ വൈസ് ചാൻസിലർ ഡോ.എൻ.കെ. ജയകുമാർ, അംഗങ്ങളായി കണ്ണൂർ സർവകലാശാല വൈസ് ചാൻസിലർ ഡോ. ഗോപിനാഥ് രവീന്ദ്രൻ, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഗവേണിംഗ് ബോഡി അംഗം ഡോ. ജോയ് ജോബ് കളവേലിൽ, മലപ്പുറം ഗവ. കോളേജ് പ്രിൻസിപ്പൽ ഡോ. ദാമോദരൻ, എറണാകുളം ഹൈക്കോടതി അഡ്വ. പി.സി ശശിധരൻ എന്നിവരെ നിയോഗിച്ചു.

പരീക്ഷാ പരിഷ്ക്കരണ കമ്മീഷൻ അംഗങ്ങളായി മഹാത്മാഗാന്ധി സർവകലാശാല പ്രൊവൈസ് ചാൻസിലർ ഡോ.സി.ടി അരവിന്ദകുമാർ, എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാല രജിസ്ട്രാർ ഡോ. എ.പ്രവീൺ, കാലിക്കറ്റ് സർവകലാശാല മുൻ രജിസ്ട്രാർ ഡോ. സി.എൽ. ജോഷി, കേരള സർവകലാശാല രജിസ്ട്രാർ ഡോ.കെ.എസ്. അനിൽകുമാർ എന്നിവരെയും നിയോഗിച്ചു.



റവന്യു വകുപ്പിന്റെ ഡിജിറ്റൽ സേവനങ്ങളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു



നെയ്യാറ്റിൻകര ആശുപത്രിയിൽ ആരംഭിച്ച വിമുക്തി കേന്ദ്രം മന്ത്രി ഗോവിന്ദൻ മാസ്റ്റർ ഉത്ഘാടനം ചെയ്തു

# കോവിഡ് പ്രതിരോധം: അയൽപക്ക നിരീക്ഷണ സമിതികൾ രൂപീകരിച്ച് പുനലൂർ നഗരസഭ

കോവിഡ് പ്രതിരോധത്തിന് കൂടുതൽ ശക്തിപകർന്ന് അയൽപക്ക നിരീക്ഷണ സമിതികൾ രൂപീകരിച്ച് പുനലൂർ നഗരസഭ. വാർഡ് അംഗങ്ങൾ, സന്നദ്ധസേന പ്രവർത്തകർ, കുടുംബശ്രീ അയൽക്കൂട്ടസമിതി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടാണ് സംവിധാനം. മുനിസിപ്പാലിറ്റിയിലെ എല്ലാ വാർഡുകളിലും ഏർപ്പെടുത്തുമെന്ന് നഗരസഭാ ചെയർപേഴ്സൺ നിമ്മി എബ്രഹാം പറഞ്ഞു.

പത്തനാപുരം ഗ്രാമപഞ്ചായത്തിൽ വാർഡ്തല സമിതികൾ സെക്ടറൽ മജിസ്ട്രേറ്റുമാർ എന്നിവരുൾപ്പെട്ട ടീമിന്റെ നിരീക്ഷണവും പരിശോധനയും വ്യാപകമാക്കിയതായി പ്രസിഡന്റ് എസ്. തുളസി പറഞ്ഞു.

പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിൽ അയൽപക്ക നിരീക്ഷണസമിതി രൂപീകരണത്തിന് മുന്നോടിയായി വാർഡ് മെമ്പർമാർ, ആരോഗ്യപ്രവർത്തകർ, കുടുംബശ്രീ ചെയർപേഴ്സൺ എന്നിവരുൾപ്പെട്ട യോഗം ചേർന്നതായി പ്രസിഡന്റ് വി. പി. രമാദേവി അറിയിച്ചു.

കുണ്ടറ ഗ്രാമപഞ്ചായത്തിലെ ഡി. സി. സിയിൽ 11 രോഗികളാണ് ചികിത്സയിലുള്ളത്. ഇതുവരെ 1872പേർ കോവിഡ് പോസിറ്റീവ് ആയി. 1733പേർ രോഗമുക്തി നേടി. ഗൃഹ നിരീക്ഷണത്തിൽ 88 പേരാണുള്ളത്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആഴ്ചതോറും അവലോകന യോഗങ്ങൾ ചേരു ന്നുണ്ടെന്നും പഞ്ചായത്ത് പ്രസിഡന്റ് മിനി തോമസ് പറഞ്ഞു.

ക്ലാപ്പന ഗ്രാമപഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിൽ മെഗാ വാക്സിനേഷൻ നടക്കും. 9, 10 തീയതികളിൽ എസ്. വി. എച്ച്. എസ്. എസിൽ രാവിലെ ഒമ്പത് മണി മുതൽ 11 മണി വരെയാണ് മെഗാ വാക്സിനേഷൻ എന്ന് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മിനിമോൾ പറഞ്ഞു.

മുഖത്തല ബ്ലോക്കിലെ മയ്യനാട് ഗ്രാമപഞ്ചായത്തിൽ മെഗാ വാക്സിനേഷൻ ഡ്രൈവ് വഴി 1400 പേർക്ക് വാക്സിൻ നൽകിയതായി പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജവാബ് റഹ്മാൻ പറഞ്ഞു.

# റവന്യൂ വകുപ്പിലെ ഡിജിറ്റൽ സേവനങ്ങൾക്ക് ഇന്ന് തുടക്കം; മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

റവന്യൂ വകുപ്പിലെ ഡിജിറ്റൽ സേവനങ്ങളുടെ ഉദ്ഘാടനം ഇന്ന് രാവിലെ 11.30ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. തിരുവനന്തപുരം അയ്യൻകാളി ഹാളിൽ നടക്കുന്ന ചടങ്ങിൽ റവന്യൂ മന്ത്രി കെ. രാജൻ അധ്യക്ഷത വഹിക്കും.

ഇപേയ്മെന്റ് ആപ്ലിക്കേഷൻ, ഫീൽഡ്മെഷർമെന്റ് സ്കെച്ച്, തണ്ടപ്പേർ അക്കൗണ്ട്, ലൊക്കേഷൻ മാപ്പ് എന്നിവ ഓൺലൈനായി ലഭിക്കുന്നതിനുള്ള മോഡ്യൂൾ, ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷ ഓൺലൈനിൽ സമർപ്പിക്കാനുള്ള മോഡ്യൂൾ, അടിസ്ഥാന നികുതി രജിസ്റ്റർ, തണ്ടപ്പേർ അക്കൗണ്ട് എന്നിവയുടെ ഡിജിറ്റൈസേഷൻ പൂർത്തീകരണം, വില്ലേജ് ഓഫീസുകൾക്ക് വെബ്സൈറ്റ്, റവന്യൂ ഇസർവീസ് പോർട്ടൽ നവീകരണം, കിക് പേ സംവിധാനം, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ നൽകുന്നതിനുള്ള ഓൺലൈൻ മോഡ്യൂൾ എന്നിവയാണ് സജ്ജമാകുന്നതെന്ന് റവന്യൂ മന്ത്രി കെ. രാജൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

വില്ലേജ് ഓഫീസുകൾ മുഖേന സ്വീകരിച്ചിരുന്ന ഭൂനികുതി മൊബൈൽഫോൺ മുഖേന അനായാസം ഒടുക്കുന്നതിനുള്ള സംവിധാനമാണ് ഇപേയ്മെന്റ് ആപ്ലിക്കേഷനിലൂടെ യാഥാർത്ഥ്യമാകുന്നത്. ഓരോവർഷവും ഒടുക്കേണ്ട ഭൂനികുതി സംബന്ധിച്ച് പൊതുജനങ്ങൾക്ക് എസ്എംഎസ് മുഖേന അറിയിപ്പ് നൽകുന്നതിനും ഒടുക്കിയ ഭൂനികുതി രസീത് ഏത് സമയത്തും ഡൗൺലോഡ് ചെയ്യുന്നതിനും ഇതിലൂടെ സാധിക്കും. നെറ്റ് ബാങ്കിംഗ്, യുപിഐ സംവിധാനങ്ങളിലൂടെ നികുതി ഒടുക്കുന്നതിനും ആപ്ലിക്കേഷനിൽ സൗകര്യമുണ്ട്.

സംസ്ഥാനത്തെ ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കിയ വില്ലേജുകളിൽ എഫ്എംബി സ്കെച്ച്, തണ്ടപ്പേർ അക്കൗണ്ട്, ലൊക്കേഷൻ മാപ്പ് എന്നിവയ്ക്കുള്ള അപേക്ഷ, ഫീസ് എന്നിവ ഓൺലൈനായി സമർപ്പിക്കുന്നതിനും അനുവദിക്കുന്ന സ്കെച്ച്, തണ്ടപ്പേർ അക്കൗണ്ട്, ലൊക്കേഷൻ മാപ്പ് എന്നിവ ഡൗൺലോഡ് ചെയ്യുന്നതിനും പുതിയ മോഡ്യൂളിലൂടെ സാധിക്കും.

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ ഭേദഗതി സംബന്ധിച്ച് വ്യാപക പരാതികളാണ് ലഭിക്കുന്നത്. ഇത് പരിഹരിക്കുന്നതിനും അപേക്ഷകൾ സമർപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും ഓൺലൈൻ സംവിധാനം നടപ്പാക്കിയിട്ടുണ്ട്. അപേക്ഷയുടെ പുരോഗതി ഓൺലൈനായി നിരീക്ഷിക്കാൻ കഴിയുന്നതിനൊപ്പം അപാകതകളും ഓൺലൈനായി പരിഹരിക്കാനാകും. സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലേയും അടിസ്ഥാന നികുതി രജിസ്റ്ററുകളും തണ്ടപ്പേർ അക്കൗണ്ടുകളും ഡിജിറ്റൈസ് ചെയ്യുന്നതോടെ റീസർവ്വെ, ഭൂമി ഏറ്റെടുക്കൽ മുതലായവയുടെ വേഗത വർദ്ധിക്കുകയും കോടതി, ബാങ്കുകൾ എന്നിവയ്ക്ക് ഡേറ്റ ഉപയുക്തമാക്കുന്നതിനും കഴിയും.

പ്രാദേശിക വികസനങ്ങൾക്കുള്ള ഉപാധികളായി ഡിജിറ്റൽ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടാണ് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകൾക്കും വെബ്സൈറ്റ് ഒരുക്കുന്നതെന്ന് മന്ത്രി പറഞ്ഞു. പൊതുജനങ്ങൾക്ക് നികുതികളും വിവിധ ഫീസുകളും ഒടുക്കുന്നതിന് ഇസർവീസ് പോർട്ടൽ നവീകരിച്ച് 'ക്വിക് പേ' എന്ന സംവിധാനം കൂടി ഏർപ്പെടുത്തിയിട്ടുണ്ട്. അർബുദം, കുഷ്ഠം, ക്ഷയം എന്നീ രോഗ ബാധിതർക്ക് പെൻഷൻ നൽകുന്ന നിലവിലെ സംവിധാനവും ഓൺലൈനിലേക്ക് മാറ്റിയിട്ടുണ്ട്. യൂണീക്ക് തണ്ടപ്പേർ സംവിധാനം നടപ്പാക്കുന്നതിന് കേന്ദ്ര ഇലക്ട്രോണിക്സ് വിവര സാങ്കേതികവിദ്യ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചതായി മന്ത്രി പറഞ്ഞു.

# സർക്കാർ സേവനങ്ങൾ പരമാവധി വീട്ടുപടിക്കലെത്തിക്കും: മുഖ്യമന്ത്രി

സർക്കാർ സേവനങ്ങൾ ജനങ്ങൾക്കു പരമാവധി വീട്ടുപടിക്കലെത്തിച്ചു നൽകുക എന്നതാണു ലക്ഷ്യമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. ഇസാക്ഷരതയിലെ മുന്നേറ്റവും വളർച്ചയും, ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങളുടെ വ്യാപനവും കേരളത്തിലെ ജനങ്ങളെ ഇഗവേണൻസ് സംവിധാനങ്ങൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്താൻ പ്രാപ്തരാക്കിയതായും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരം അയ്യൻകാളി ഹാളിൽ റവന്യു വകുപ്പിന്റെ പുതിയ ഡിജിറ്റൽ സേവനങ്ങൾ പൊതുജനങ്ങൾക്കു സമർപ്പിച്ചു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന സർക്കാർ വകുപ്പുകളിലെ പല സേവനങ്ങളും ഓൺലൈനിലേക്കു മാറ്റിയതായി മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ഇവ മികച്ച രീതിയിൽ ജനങ്ങൾ ഉപയോഗിക്കുന്നുണ്ട്. സർക്കാർ സേവനങ്ങളുടെ കാര്യക്ഷമതയും സുതാര്യതയും ഉറപ്പാക്കാൻ ഓൺലൈൻ സംവിധാനങ്ങൾ പര്യാപ്തമാണ്. അപേക്ഷകളുടെ കൃത്യമായ സ്റ്റാറ്റസ്, ഉദ്യോഗസ്ഥ നടപടികളുടെ പരിശോധന തുടങ്ങിയവയെല്ലാം മനസിലാക്കാൻ ഇതുവഴി കഴിയുന്നുണ്ട്. ജനോപകാരപ്രദമായ സിവിൽ സർവീസ് യാഥാർഥ്യമാക്കുന്നതിന് ഇസേവനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ഭൂനികുതി ഒടുക്കുന്നതിനു റവന്യൂ വകുപ്പ് തയാറാക്കിയ പുതിയ മൊബൈൽ ആപ്ലിക്കേഷൻ, തണ്ടപ്പേർ അക്കൗണ്ട്, അടിസ്ഥാന ഭൂനികുതി രജിസ്റ്റർ എന്നിവയുടെ ഡിജിറ്റൈസേഷൻ പൂർത്തീകരണം, എഫ്.എം.ബി. സ്കെച്ച്, തണ്ടപ്പേർ അക്കൗണ്ട്, ലൊക്കേഷൻ സ്കെച്ച് എന്നിവ ഓൺലൈനായി നൽകുന്നതിനുള്ള മൊഡ്യൂൾ, ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള ഓൺലൈൻ മൊഡ്യൂൾ, 1666 വില്ലേജ് ഓഫിസുകളുടേയും വെബ്സൈറ്റ്, നവീകരിച്ച ഇപെയ്മെന്റ് പോർട്ടൽ, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ മൊഡ്യൂൾ എന്നിവയാണു മുഖ്യമന്ത്രി നാടിനു സമർപ്പിച്ചത്.

കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് റവന്യൂ വകുപ്പിന്റെ സേവനങ്ങൾ ഓൺലൈനാക്കുന്ന പ്രവർത്തനങ്ങൾക്കു തുടക്കമിട്ടതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഒറ്റത്തവണ കെട്ടിട നികുതി ഒടുക്കൽ, പൊതുജന പരാതി പരിഹാര സംവിധാനം, ദുരന്തബാധിതർക്കുള്ള അടിയന്തര സഹായ വിതരണം, പ്രകൃതി ദുരന്ത സാധ്യതാ മേഖലകളുടെ മാപ്പിങ് എന്നിവയെല്ലാമടങ്ങുന്ന സമഗ്ര റവന്യൂ പോർട്ടലിനാണ് കഴിഞ്ഞ സർക്കാർ തുടക്കംകുറിച്ചത്. നിരവധി പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. ഈ സംവിധാനത്തിന്റെ വിവിധ വശങ്ങൾ പഠിച്ചശേഷമാണ് ഓൺലൈൻ സേവനങ്ങൾ മൊബൈൽ ആപ്പിലേക്കു മാറ്റാൻ തീരുമാനിച്ചത്. ഭൂനികുതി ആപ്പ് യാഥാർഥ്യമായതോടെ ഭൂമിസംബന്ധമായ വിവിധ സർട്ടിഫിക്കറ്റുകൾക്കുവേണ്ടിയുള്ള അപേക്ഷ സമർപ്പിക്കുന്നതും കരം ഒടുക്കുന്നതുമൊക്കെ ലോകത്തിന്റെ ഏതു കോണിലിരുന്നും സാധ്യമാകും. പ്രവാസികൾക്കും ഈ സംവിധാനത്തിന്റെ പ്രയോജനം ലഭിക്കും. പൊതുജനങ്ങൾക്ക് അനായാസം ഉപയോഗിക്കാൻ കഴിയുംവിധമാണ് മൊബൈൽ ആപ്പ് തയാറാക്കിയിട്ടുള്ളത്. റവന്യൂ വകുപ്പിൽനിന്നുള്ള മറ്റു സേവനങ്ങളും മൊബൈൽ ആപ്പിൽ ഉൾക്കൊള്ളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഡിജിറ്റൽ സർവെ പൂർത്തിയാക്കിയ വില്ലേജുകളിൽ ഫീൽഡ് മെഷർമെന്റ് സ്കെച്ച് സർവെ മാപ്പ് ഓൺലൈനിലേക്കു മാറിക്കഴിഞ്ഞു. ഭൂ ഉടമകൾക്കു വിവിധ ആവശ്യങ്ങൾക്കു സ്കെച്ചും പ്ലാനും ലഭിക്കുന്നതിന് ഇനി ഓഫിസുകൾ കയറിയിറങ്ങേണ്ട ആവശ്യമില്ല. ഭൂ ഉടമയുടെ തണ്ടപ്പേർ അക്കൗണ്ട് പകർപ്പിനുള്ള അപേക്ഷ സമർപ്പിക്കുന്നത് നേരത്തേ ഓൺലൈനാക്കിയിരുന്നു. ഇതും മൊബൈൽ ആപ്പിലേക്കു മാറ്റും. പ്രാദേശിക വികസന ലക്ഷ്യങ്ങൾക്കായി ഡിജിറ്റൽ സാങ്കേതികവിദ്യ പരമാവധി ഉപയോഗപ്പെടുത്തുകയെന്നാണു സ്മാർട്ട് വില്ലേജ് എന്ന ആശയത്തിലൂടെ ലക്ഷ്യമിടുന്നതെന്നു മുഖ്യമന്ത്രി പറഞ്ഞു. ഇതിന്റെ ആദ്യ ഘട്ടമായാണു സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളുടേയും അടിസ്ഥാന വിവരങ്ങൾ, ഭൂമി വിവരങ്ങൾ, ഇൻഫർമേഷൻ മാനേജ്മെന്റ് എന്നിവയെല്ലാം ഉൾപ്പെടുത്തി വില്ലേജ് ഓഫിസുകൾക്ക് വെബ്സൈറ്റ് രൂപീകരിച്ചിട്ടുള്ളത്. പ്രാദേശികമായ വിവരങ്ങൾ പെട്ടെന്നു കണ്ടെത്തുന്നതിനും സർട്ടിഫൈ ചെയ്ത ഭൂരേഖകൾ പൊതുജനങ്ങൾക്കു കാണുന്നതിനുമുള്ള സംവിധാനം വെബ്സൈറ്റിൽ ഒരുക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്കു വിവിധ നികുതികൾ തടസമില്ലാതെ ഒടുക്കാൻ കഴിയും വിധമാണു റവന്യൂ ഇപോർട്ടൽ സജ്ജീകരിച്ചിട്ടുള്ളതെന്നും മുഖ്യമന്ത്രി പറഞ്ഞു.

തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ നടന്ന ചടങ്ങിൽ റവന്യൂ ഭവന നിർമാണ വകുപ്പ് മന്ത്രി കെ. രാജൻ അധ്യക്ഷത വഹിച്ചു. മന്ത്രിമാരായ പി. പ്രസാദ്, റോഷി അഗസ്റ്റിൻ, ആന്റണി രാജു, അഹമ്മദ് ദേവർകോവിൽ, ജി.ആർ. അനിൽ, മേയർ ആര്യ രാജേന്ദ്രൻ, ഡെപ്യൂട്ടി മേയർ പി.കെ. രാജു, കൗൺസിലർ പാളയം രാജൻ, റവന്യൂ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക്, ലാൻഡ് റവന്യൂ കമ്മിഷണർ കെ. ബിജു, ജില്ലാ കളക്ടർ ഡോ. നവ്ജ്യോത് ഖോസ തുടങ്ങിയവർ വേദിയിൽ സന്നിഹിതരായിരുന്നു. മന്ത്രിമാരായ എം.വി. ഗോവിന്ദൻ, കെ. കൃഷ്ണൻകുട്ടി, എ.കെ. ശശീന്ദ്രൻ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ എന്നിവർ ഓൺലൈനായും ചടങ്ങിൽ പങ്കെടുത്തു.

# കോവിഡ് പ്രതിരോധം പഞ്ചായത്തുകളിൽ വാക്സിനേഷൻ ദ്രുതഗതിയിൽ;പൂയപ്പള്ളിയിൽ ക്യാമ്പ് ഇന്ന് (സെപ്റ്റംബർ 10)

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ വാക്സിനേഷൻ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. പൂയപ്പള്ളിയിലെ മരുതമൺപള്ളി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇന്ന് (സെപ്റ്റംബർ 10) വാക്സിനേഷൻ ക്യാമ്പ് നടക്കും. 259 പേർക്ക് ആദ്യ ഡോസ് വാക്സിനും 345 പേർക്ക് രണ്ടാമത്തേതും കോവിഷീൽഡ് നൽകും. 18000 പേർക്ക് ഇതുവരെ വാക്സിൻ ലഭ്യമാക്കി. വാർഡുകൾ കേന്ദ്രീകരിച്ച് ആർ.ആർ.ടി.കളുടെ പ്രവർത്തനം ശക്തിപ്പെടുത്തി. ആർ.ടി.പി.സി.ആർ പരിശോധനയും വ്യാപിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ് ജെസ്സി റോയി പറഞ്ഞു. കുളത്തൂപ്പുഴയിൽ 88 ശതമാനം പേർക്കും ആദ്യ ഡോസ് വാക്സിൻ ലഭ്യമാക്കി. 18 വയസ്സിന് മുകളിൽ പ്രായമുള്ള പഞ്ചായത്തിലെ 24730 പേർ ആദ്യ ഡോസ് വാക്സിൻ സ്വീകരിച്ചു. ഇവരിൽ 27 ശതമാനം പേർ രണ്ടാം ഡോസ് വാക്സിനും സ്വീകരിച്ചു. ആദ്യ ഡോസ് സ്വീകരിക്കാത്തവരെ കണ്ടെത്തി വാക്സിൻ ലഭ്യമാക്കുന്നതിന് വാർഡ് അംഗങ്ങൾ, ആശാ പ്രവർത്തകർ എന്നിവരെ ചുമതലപ്പെടുത്തിയതായി പ്രസിഡന്റ് പി. അനിൽകുമാർ പറഞ്ഞു.

പൂതക്കുളത്ത് 60 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കുള്ള ആദ്യ ഡോസ് വാക്സിനേഷൻ പൂർത്തിയായി. മറ്റുള്ളവരിൽ 75 ശതമാനം പേർക്കും ആദ്യ ഡോസ് ലഭ്യമാക്കി. സ്പോട്ട് രജിസ്ട്രേഷൻ വഴിയും ഓൺലൈൻ രജിസ്ട്രേഷൻ വഴിയും സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ വാക്സിനേഷൻ പുരോഗമിക്കുന്നതായി പഞ്ചായത്ത് പ്രസിഡന്റ് എസ്. അമ്മിണിയമ്മ പറഞ്ഞു.

ചിറക്കരയിൽ ഒൻപത് വാർഡുകൾ പ്രത്യേക നിയന്ത്രണത്തിലാണ്. 14701 പേർക്ക് വാക്സിനേഷൻ നൽകി. ഇതിൽ 4226 പേർക്ക് രണ്ട് ഡോസുകളും ലഭ്യമാക്കിയതായി പഞ്ചായത്ത് പ്രസിഡന്റ് സി. സുശീലാദേവി പറഞ്ഞു.

കുണ്ടറയിലെ ഡി.സി.സി.യിൽ എട്ട് രോഗികളാണ് ചികിത്സയിലുള്ളത്. 83 പേർ ഗൃഹ നിരീക്ഷണത്തിൽ ഉണ്ട്. വാക്സിനേഷൻ 75 ശതമാനം പൂർത്തിയായതായി പ്രസിഡന്റ് മിനി തോമസ് പറഞ്ഞു.

# സന്നദ്ധപ്രവർത്തകരെ അനുമോദിച്ചു

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ കോവിഡ് പ്രാഥമിക ചികിത്സാ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി പ്രവർത്തിച്ച സന്നദ്ധപ്രവർത്തകരെ ജില്ലാ കലക്ടർ ബി. അബ്ദുൽ നാസർ അനുമോദിച്ചു. ടി. എം. വർഗ്ഗീസ് ഹാളിൽ ഒരുക്കിയ കളക്ഷൻ സെന്ററിലെ പ്രവർത്തനം, അവശ്യ സാധനങ്ങളുടെ ശേഖരണം, വിതരണം, സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായിട്ടുള്ള ഹെൽപ് ലൈൻ സേവനം, പ്രാഥമിക ചികിത്സാ കേന്ദ്രങ്ങളുടെ സജ്ജീകരണം എന്നിവയ്ക്കായാണ് സന്നദ്ധപ്രവർത്തകരെ നിയോഗിച്ചത്.

ജില്ലാ കലക്ടർ സന്നദ്ധ പ്രവർത്തകർക്ക് അനുമോദന പത്രം വിതരണം ചെയ്തു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി സൂപ്രണ്ട് സന്തോഷ് കുമാർ, കളക്ഷൻ സെന്ററിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ മുഹമ്മദ് ഷാജി, കോ ഓർഡിനേറ്റർമാരായ ഷഹനാ റാണി, അജ്മൽ ഹുസൈൻ എന്നിവർ പങ്കെടുത്തു.

# ബ്രൈറ്റ് സ്റ്റുഡൻസ് സ്കോളർഷിപ്പ് പുരസ്കാര പദ്ധതി

അംഗീകൃത വിദ്യാലയങ്ങൾ/സർവകലാശാലകൾ നടത്തുന്ന പത്താം ക്ലാസ് മുതലുള്ള കോഴ്സുകളിൽ 2021 22 അധ്യയന വർഷം പഠനം പൂർത്തിയാക്കിയ വിമുക്തഭട ാരുടെ കുട്ടികൾക്കുള്ള ബ്രൈറ്റ് സ്റ്റുഡൻസ് സ്കോളർഷിപ്പ് പുരസ്കാരത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചു.

10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ നവംബർ 25നകവും ഡിഗ്രി, പ്രോസ്റ്റ് ഗ്രാജുവേഷൻ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾ ഡിസംബർ 26നകവും അപേക്ഷകൾ ജില്ലാ സൈനികക്ഷേമ ഓഫീസിൽ സമർപ്പിക്കണം.

കൂടുതൽ വിവരങ്ങൾ ജില്ലാ സൈനിക ക്ഷേമ ഓഫീസിലോ 04742792987 നമ്പറിലോ ലഭിക്കും.

# സംസ്ഥാനത്ത് 26,200 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു

കേരളത്തിൽ 26,200 പേർക്ക് കൂടി കോവിഡ്19 സ്ഥിരീകരിച്ചു. തൃശൂർ 3279, എറണാകുളം 3175, തിരുവനന്തപുരം 2598, മലപ്പുറം 2452, കോഴിക്കോട് 2332, കൊല്ലം 2124, പാലക്കാട് 1996, ആലപ്പുഴ 1604, കോട്ടയം 1580, കണ്ണൂർ 1532, പത്തനംതിട്ട 1244, വയനാട് 981, ഇടുക്കി 848, കാസർഗോഡ് 455 എന്നിങ്ങനെയാണ് ജില്ലകളിൽ രോഗം സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 1,56,957 സാമ്പിളുകളാണ് പരിശോധിച്ചത്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 16.69 ആണ്. ഇതുവരെ 3,29,98,816 ആകെ സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ ഏഴിന് മുകളിലുള്ള 794 തദ്ദേശ സ്വയം ഭരണ പ്രദേശങ്ങളിലെ വാർഡുകളാണുള്ളത്. അതിൽ 692 വാർഡുകൾ നഗര പ്രദേശങ്ങളിലും 3416 വാർഡുകൾ ഗ്രാമ പ്രദേശങ്ങളിലുമാണുള്ളത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 125 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 22,126 ആയി. രോഗം സ്ഥിരീകരിച്ചവരിൽ 81 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 24,999 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 1006 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 114 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 29,209 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 2390, കൊല്ലം 2033, പത്തനംതിട്ട 1184, ആലപ്പുഴ 1845, കോട്ടയം 2145, ഇടുക്കി 1114, എറണാകുളം 2872, തൃശൂർ 2812, പാലക്കാട് 2237, മലപ്പുറം 3146, കോഴിക്കോട് 4488, വയനാട് 969, കണ്ണൂർ 1649, കാസർഗോഡ് 325 എന്നിങ്ങനെയാണ് രോഗമുക്തിയായത്. ഇതോടെ 2,36,345 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 40,50,665 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 6,08,450 പേരാണ് നിരീക്ഷണത്തിലുള്ളത്. ഇതിൽ 5,75,731 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറന്റീനിലും 32,719 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 2466 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

# ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നെത്തുന്നവർക്ക് മലമ്പനി പരിശോധന നിർബന്ധം ജില്ലാ കലക്ടർ

ആഫ്രിക്കൻ നാടുകളിൽ നിന്നെത്തുന്നവർ കോവിഡ് 19 നിർണയ പരിശോനനയ്ക്കൊപ്പം മലമ്പനി (മലേറിയ) പരിശോധനയും നിർബന്ധമായി നടത്തണമെന്ന് ജില്ലാ കലക്ടർ നിർദ്ദേശിച്ചു. ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തുന്നവർക്കും ബാധകമാണ് നിർദ്ദേശം. എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും പരിശോധനാ കിറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്.

പുറത്ത് നിന്നെത്തുന്നവരിൽ മലേറിയ കണ്ടെത്തിയ സാഹചര്യത്തിൽ ജാഗ്രത പുലർത്തണം. രോഗലക്ഷണം പ്രകടമാകാത്ത സാഹചര്യത്തിൽ അപകടസാധ്യതയുമുണ്ട്. കിടുങ്ങലോടെയുള്ള പനി, ശക്തമായ തലവേദന, ശരീരം ചുട്ടുപൊള്ളുന്ന അവസ്ഥ, തലച്ചോറിനെ ബാധിക്കുന്നവരിൽ പിച്ചും പേയും പറയുന്ന രീതി, സന്നി എന്നിവയാണ് ലക്ഷണങ്ങൾ. നിർമാർജ്ജന പ്രവർത്തനത്തിനായി പ്രത്യേക സ്ക്വാഡ് രൂപീകരിച്ചു. ജില്ലയൊട്ടാകെയുള്ള ഇതര സംസ്ഥാന തൊഴിലാളികളെ പരിശോധനയ്ക്ക് വിധേയമാക്കും. കൊതുക്ജന്യ രോഗമായതിനാൽ പ്രതിരോധത്തിനായി ഉറവിട നശീകരണവും കൊതുക് വല വിതരണവും തുടരുകയാണ്. കൊതുകിനെതിരെ മരുന്ന്തളി, പുകയ്ക്കൽ എന്നിവയ്ക്കായി പ്രത്യേക സംഘത്തെ വിന്യസിച്ചതായി ഡി.എം. ഒ അറിയിച്ചു.



സർക്കാരിന്റെ 100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി മെഡിക്കൽ കോളേജിൽ പണിപൂർത്തിയായ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ഉദ്ഘാടനം മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ നിർവ്വഹിക്കുന്നു.

# ഭവന പുനരുദ്ധാരണ പദ്ധതി

മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈന ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകൾ, വിവാഹ ബന്ധം വേർപ്പെട്ടവർ, ഉപേക്ഷിക്കപ്പെട്ടവർ എന്നിവർക്ക് ഇമ്പിച്ചി ബാവ ഭവന നിർമാണ പദ്ധതിയിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് ധനസഹായം നൽകുന്നു. ശരിയായ ജനലുകൾ, വാതിലുകൾ, മേൽക്കൂര, ഫ്ളോറിംങ്, ഫിനിഷിംങ്, സാനിട്ടേഷൻ, ഇലക്ട്രിഫിക്കേഷൻ എന്നിവയില്ലാത്ത വീടുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് ധനസഹായം. ഒരു വീടിന്റെ അറ്റകുറ്റപ്പണികൾക്ക് 50,000 രൂപയാണ് ധനസഹായം. ഇത് തിരിച്ചടക്കേണ്ടതില്ല. അപേക്ഷകയുടെ സ്വന്തം/ പങ്കാളിയുടെ പേരിലുള്ള വീടിന്റെ പരമാവധി വിസ്തീർണം 1200 സ്ക്വ.ഫീറ്റ് കവിയരുത്. അപേക്ഷക കുടുംബത്തിലെ ഏക വരുമാനദായകയായിരിക്കണം. ബി.പി.എൽ. കുടുംബത്തിന് മുൻഗണന. അപേക്ഷകയ്ക്കോ അവരുടെ മക്കൾക്കോ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, പെൺകുട്ടികൾ മാത്രമുള്ള അപേക്ഷക തുടങ്ങിയവർക്ക് മുൻഗണന നൽകും. സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സ്ഥിര വരുമാനം ലഭിക്കുന്ന മക്കളുള്ള വിധവകൾ, സർക്കാരിൽ നിന്നോ സമാന ഏജൻസികളിൽ നിന്നോ ഇതിന് മുമ്പ് 10 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിന് സഹായം ലഭിച്ചവർ എന്നിവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. വകുപ്പ് പ്രത്യേകം തയ്യാറാക്കിയ ഫോം മുഖേനയാണ് അപേക്ഷിക്കേണ്ടത്. 202122 സാമ്പത്തിക വർഷം ഭൂമിയുടെ കരം ഒടുക്കിയ രസീതിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന സ്ഥിര താസമ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം. പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകൾ സഹിതം അതത് ജില്ലാ കളക്ടറേറ്റിലെ ന്യൂനപക്ഷ ക്ഷേമ സെക്ഷനിൽ നേരിട്ടോ, ഡെപ്യൂട്ടി കളക്ടർ (ജനറൽ), ജില്ലാ ന്യൂനപക്ഷക്ഷേമ സെക്ഷൻ, ജില്ലാ കളക്ടറേറ്റ് എന്ന വിലാസത്തിൽ അതത് ജില്ലാ കളക്ടറേറ്റിലേക്ക് തപാൽ മുഖേനയോ നൽകണം. അപേക്ഷാഫോം www.m-inor-tiyw-e-l-f-ar-e.k-er-a-l-a.gov.in ൽ ലഭിക്കും. അപേക്ഷകൾ ജില്ലാ കളക്ടറേറ്റിൽ സെപ്റ്റംബർ 30 വരെ സ്വീകരിക്കും.

# ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്ക് ഫീസ് റീ ഇംബേഴ്സ്മെന്റ്

അഖിലേന്ത്യാ സിവിൽ സർവീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈന ന്യൂനപക്ഷ മത വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് കോഴ്സ് ഫീസും, ഹോസ്റ്റൽ ഫീസും ജനസംഖ്യാനുപാതികമായി റീ ഇംബേഴ്സ് ചെയ്യുന്ന പദ്ധതിയിൽ അപേക്ഷ ക്ഷണിച്ചു.

കോഴ്സ് ഫീസായി പരമാവധി 20,000 രൂപയും ഹോസ്റ്റൽ ഫീസായി പരമാവധി 10,000 രൂപയുമാണ് നൽകുന്നത്.

അപേക്ഷകർ കേരള സിവിൽ സർവീസ് അക്കാദമി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ റിസർച്ച്പൊന്നാനി, യൂണിവേഴ്സിറ്റികൾ നടത്തുന്ന പരിശീലന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ സിവിൽ സർവീസ് പരിശീലനം നടത്തുന്നവരും നോൺ ക്രീമിലിയർ പരിധിയിൽ ഉൾപ്പെടുന്നവരുമായിരിക്കണം. വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനം നേരിട്ടു നടത്തുന്ന ഹോസ്റ്റലുകളിലും, സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലുകളിൽ നിന്ന് പഠിക്കുന്നവർക്കും ഹോസ്റ്റൽ സ്റ്റൈപ്പന്റിന് അപേക്ഷിക്കാം.

ഫീസ് അടച്ചതിന്റെ അസൽ രസീതിൽ വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവി ഒപ്പ് രേഖപ്പെടുത്തണം. അപേക്ഷകരുടെ വാർഷിക വരുമാനം എട്ട് ലക്ഷം രൂപയിൽ കവിയരുത്. ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്ക് മുൻഗണന നൽകും.

അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. www.m-inor-tiyw-e-l-f-ar-e.k-er-a-l-a.gov.in വഴി ഓൺലൈനായി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 0471 2300524.

# കാർഷിക മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ; കേരളം വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു

കേന്ദ്ര കൃഷി മന്ത്രി നരേന്ദ്ര സിങ് തോമർ വിളിച്ച് ചേർത്ത പദ്ധതി അവലോകന യോഗത്തിൽ കൃഷി വകുപ്പ് മന്ത്രി പി.പ്രസാദ് കേരളത്തിന്റെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു. കാർഷിക മേഖലയ്ക്ക് ഉണർവേകുന്ന വൈവിദ്ധ്യവും സമഗ്രവുമായ പദ്ധതികളാണ് കേരളത്തിൽ നടപ്പിലാക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളതെന്നും കാർഷിക അടിസ്ഥാന സൗകര്യ വികസന ഫണ്ടിൽ കേരളം 567.14 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടെന്നും കൃഷി വകുപ്പ് മന്ത്രി പറഞ്ഞു.

കേന്ദ്ര മാർഗനിർദ്ദേശങ്ങൾ പ്രകാരം ക്രെഡിറ്റ് ലിങ്ക്ഡ് പദ്ധതികൾക്കും കിസാൻ ക്രെഡിറ്റ് കാർഡ് പ്രകാരം ഒന്നര ലക്ഷം രൂപ വരെയുള്ള വായ്പകൾക്കും കർഷകർ ബാങ്കുകൾക്ക് ഈട് നൽകേണ്ട ആവശ്യമില്ല എന്നത് കർശനമായി നടപ്പിലാക്കണമെന്ന് കേരളം ആവശ്യപ്പെട്ടു. ഫാർമർ പ്രൊഡ്യുസർ കമ്പനികൾ രൂപീകരിക്കുമ്പോൾ ക്രെഡിറ്റ് ഗ്യാരന്റി കവറേജ് ലഭ്യമാക്കണമെന്നും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് നബാർഡ് ഒരു ശതമാനം പലിശയ്ക്ക് വായ്പ ലഭ്യമാക്കുന്നത് എഫ്.പി.ഒകൾക്കും നൽകണമെന്നും കേന്ദ്രത്തിന്റെ ശ്രദ്ധയിൽപെടുത്തി. പ്രാഥമിക കാർഷികോല്പന്ന സംസ്കരണ യൂണിറ്റുകൾക്കുള്ള വായ്പ പലിശ ഇളവ് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്ന യൂണിറ്റുകൾക്ക് ലഭ്യമാക്കണമെന്ന നിർദ്ദേശവും മുമ്പോട്ടുവച്ചു.

എണ്ണക്കുരു ഉത്പാദന പദ്ധതി കേരളത്തിൽ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കണം. എണ്ണപ്പന നടീൽ വസ്തുക്കളുടെ ഒരു ഉല്പാദന യൂണിറ്റ് കൂടി അനുവദിക്കണം. കാർഷിക ഉൽപ്പന്നങ്ങളുടെ ഗുണ നിലവാര പരിശോധന ലാബ് സ്ഥാപിക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമാക്കണമെന്നും കേരളം ആവശ്യപ്പെട്ടു.

കോവിഡ് പശ്ചാത്തലത്തിൽ പ്രത്യേക സാമ്പത്തിക മേഖലയിൽ പ്രവർത്തിക്കുന്ന കയറ്റുമതി സ്ഥാപനങ്ങൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കണം, മറ്റു രാജ്യങ്ങളിൽ നിന്ന് കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുന്ന കുരുമുളക് പോലുള്ള കാർഷിക ഉൽപ്പന്നങ്ങൾ വിവിധ മൂല്യ വർദ്ധിത ഉൽപന്നങ്ങളായും മറ്റും കയറ്റുമതി ചെയ്തു പോകുന്നത് കേരളത്തിലെ തനത് ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന് ഭീഷണിയാണെന്നതിനാൽ ഇതിന് നിയന്ത്രണം ഏർപ്പെടുത്തണം, കേരളത്തിന്റെ തനത് ഉല്പന്നങ്ങളായ ഗന്ധകശാല അരി, വാഴക്കുളം പൈനാപ്പിൾ, നേന്ത്രപ്പഴം എന്നിവ കയറ്റുമതി ചെയ്യുന്നതിന് കേന്ദ്രസഹായം ലഭ്യമാക്കണം, കയറ്റുമതി മേഖലയിൽ കാർഗോ സർവീസിൽ കേന്ദ്രം നടപ്പിലാക്കിയ 'ഓപ്പൺ സ്കൈ പോളിസി' നിയന്ത്രണം പുനഃപരിശോധിക്കണം, തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളെ കാർഷിക ഉൽപന്നങ്ങളുടെ കയറ്റുമതി സർവീസ് പട്ടികയിൽ ഉൾപ്പെടുത്തണം തുടങ്ങിയവയാണ് കേരളത്തിന്റെ മറ്റ് ആവശ്യങ്ങൾ.

# ഉന്നതവിദ്യാഭ്യാസ രംഗം പരിഷ്കരിക്കുന്നതിന് മൂന്ന് സമിതികൾ: മന്ത്രി

ഉന്നത വിദ്യാഭ്യാസ രംഗത്ത് സമൂലമായ പരിഷ്കാരം ലക്ഷ്യമിട്ട് മൂന്നു സമിതികളെ സർക്കാർ നിയോഗിക്കാൻ തീരുമാനിച്ചതായി ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു വാർത്താസമ്മേളനത്തിൽ പറഞ്ഞു.

വിദ്യാഭ്യസ രംഗത്ത് നിലവിലുള്ള ഡാറ്റകൾ പരിശോധിച്ച് പോരായ്മകൾ നികത്തി ഗുണമേ യും മികവും ആർജിക്കുന്ന വിധത്തിൽ കാലാനുസൃത പരിഷ്ക്കാരം വരുത്തുന്നതിന് ഒരു ഉന്നത വിദ്യാഭ്യാസ കമ്മീഷനെ സർക്കാർ നിയോഗിക്കുകയാണ്. ഇതിന്റെ ചെയർമാൻ അംബേദ്ക്കർ സർവകലാശാലയുടെ മുൻ വൈസ് ചാൻസിലർ ഡോ.ശ്യാം ബി. മേനോനാണ്. കൺവീനർ ഐ.ഐ.ടി ചെന്നൈ ഫിസിക്സ് ഡിപ്പാർട്ടമെന്റ് ഡയറക്ടർ ഡോ. പ്രതീപ് ടി. അംഗങ്ങളായി മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസിലർ ഡോ. സാബു തോമസ്, ജെ.എൻ.യു പ്രൊഫസർ ഡോ.ഐഷാ കിദ്വായ്, സംസ്ഥാന ആസൂത്രണ ബോർഡ് അംഗം പ്രൊഫസർ രാംകുമാർ, കണ്ണൂർ സർവകലാശാല പ്രൊ വൈസ് ചാൻസിലർ സാബു അബ്ദുൽ ഹമീദ്, കാലിക്കറ്റ് സർവകലാശാല റിട്ട. പ്രൊഫസർ എം.വി. നാരായണൻ എന്നിവരെയും നിയോഗിച്ചു.

സർവകലാശാല നിയമപരിഷ്കാര കമ്മീഷൻ ചെയർമാനായി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് മുൻ വൈസ് ചാൻസിലർ ഡോ.എൻ.കെ. ജയകുമാർ, അംഗങ്ങളായി കണ്ണൂർ സർവകലാശാല വൈസ് ചാൻസിലർ ഡോ. ഗോപിനാഥ് രവീന്ദ്രൻ, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഗവേണിംഗ് ബോഡി അംഗം ഡോ. ജോയ് ജോബ് കളവേലിൽ, മലപ്പുറം ഗവ. കോളേജ് പ്രിൻസിപ്പൽ ഡോ. ദാമോദരൻ, എറണാകുളം ഹൈക്കോടതി അഡ്വ. പി.സി ശശിധരൻ എന്നിവരെ നിയോഗിച്ചു. പരീക്ഷാ പരിഷ്ക്കരണ കമ്മീഷൻ അംഗങ്ങളായി മഹാത്മാഗാന്ധി സർവകലാശാല പ്രൊ വൈസ് ചാൻസിലർ ഡോ.സി.ടി അരവിന്ദകുമാർ, എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാല രജിസ്ട്രാർ ഡോ. എ.പ്രവീൺ, കാലിക്കറ്റ് സർവകലാശാല മുൻ രജിസ്ട്രാർ ഡോ. സി.എൽ. ജോഷി, കേരള സർവകലാശാല രജിസ്ട്രാർ ഡോ.കെ.എസ്. അനിൽകുമാർ എന്നിവരെയും നിയോഗിച്ചു.

# ഡിജിറ്റൽ സാധ്യതകൾ ഉപയോഗിക്കാൻ ഉന്നത വിദ്യാഭ്യാസ ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിക്കും: മന്ത്രി

ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ ഉപയോഗിക്കുന്നതിന് അനുസരിച്ച് ഉന്നതവിദ്യാഭ്യാസ ചട്ടങ്ങളും നിയമങ്ങളും പരിഷ്ക്കരിക്കുമെന്ന് ഉന്നതവിദ്യാഭ്യാസസാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. സ്ത്രീസൗഹൃദപരവും ഭിന്നശേഷി സൗഹൃദപരവുമായി എല്ലാ കാമ്പസുകളെയും മാറ്റും.

ആറ്റിങ്ങൽ ആർട്സ് ആൻഡ് സയൻസ് കോളേജിൽ നാല് ബ്ളോക്കുകളും സൗരോർജ്ജ പ്ലാന്റും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വനിതാകോളേജിലെ ഇൻഡോർ സ്റ്റേഡിയം ഉദ്ഘാടനവും മന്ത്രി ഇതോടൊപ്പം ഓൺലൈനായി നിർവഹിച്ചു.

വിവരവിസ്ഫോടനത്തിന്റെ യുഗത്തെക്കുറിച്ച് സ്വപ്നംകാണാൻ പോലും കഴിയാതിരുന്ന കാലത്തേതാണ് നമ്മുടെ ഉന്നതവിദ്യാഭ്യാസ ചട്ടങ്ങളും നിയമങ്ങളും. ഇവയുടെ അലകും പിടിയും മാറും വിധത്തിലുള്ള പരിഷ്കാരങ്ങൾ കൊണ്ടുവരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഉന്നതവിദ്യാഭ്യാസരംഗത്തിന്റെ മുഖച്ഛായ മാറ്റുന്നതിന്റെ തുടക്കമായി അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഡിജിറ്റലായും നേരിട്ടുമുള്ള പഠനരീതികൾ സമന്വയിക്കുന്ന ബ്ലെൻഡഡ് രീതിയിലേക്ക് കലാലയങ്ങൾ മാറാൻ പോവുകയാണ്.

എല്ലാ കലാലയങ്ങളിലും ഓൺലൈൻ പഠനസമ്പ്രദായംകൂടി ക്രമീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കലാലയങ്ങൾ അതിനു സജ്ജീകരണങ്ങൾ ഒരുക്കിക്കൊണ്ടിരിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

മികച്ച ഡിജിറ്റൽ സംവിധാനത്തോടെയുള്ള ലൈബ്രറികംഅക്കാദമിക് ബ്ലോക്ക്, കാന്റീൻകംവെൽനെസ്സ് സെന്റർ, കോളേജിന്റെ തൊണ്ണൂറു ശതമാനം വൈദ്യുതി ആവശ്യങ്ങളും നിറവേറ്റാൻ പ്രാപ്തമായ സോളാർ പവർ പ്ലാന്റ്, ചരിത്ര മ്യൂസിയംകൂടി പ്രവർത്തിക്കാൻ പോകുന്ന ഹിസ്റ്ററി ബ്ലോക്ക് എന്നിവയാണ് ആറ്റിങ്ങൽ ആർട്സ് ആൻഡ് സയൻസ് കോളേജിൽ മന്ത്രി ഉദ്ഘാടനം ചെയ്തത്.

# ഭിന്നശേഷിക്കാരായ ലോട്ടറി തൊഴിലാളികൾക്ക് 5000 രൂപ ധനസഹായം നൽകും: മന്ത്രി

ഭിന്ന ശേഷിക്കാരായ ലോട്ടറി തൊഴിലാളികൾക്ക് സാമൂഹ്യ നീതി വകുപ്പ് 5000 രൂപ ധനസഹായം നൽകുമെന്ന് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞു. സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ 538 ലോട്ടറി തൊഴിലാളി കുടുംബങ്ങൾക്ക് ഇത് ആശ്വാസമേകും. ഇതിനായി 26.8 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പൂജപ്പുരയിലെ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ആസ്ഥാനത്തോടു ചേർന്ന് നിർമ്മിക്കുന്ന ഭിന്നശേഷി സഹായ ഉപകരണ ഷോറൂമിന്റെയും എക്സ്പീരിയൻസ് സെന്ററിന്റെ നിർമ്മാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. സ്വതന്ത്രമായി ആത്മവിശ്വാസത്തോടെ ജീവിതത്തിൽ മുന്നേറാൻ ഭിന്നശേഷിക്കാരെ പ്രാപ്തമാക്കുകയാണ് ഈ സർക്കാർ. വികലാംഗ ക്ഷേമ കോർപറേഷൻ എല്ലാ ജില്ലകളിലും സഹായ ഉപകരണങ്ങൾ കൈമാറുന്നു. ശുഭയാത്ര പദ്ധതിയിലൂടെ വീൽചെയർ, കേൾവി പരിമിതിയുള്ളവർക്ക് ശ്രവണ സഹായി, വോയിസ് എൻഹാൻസഡ് മൊബൈൽ ഫോണുകൾ തുടങ്ങി ശാരീരിക പരിമിതികളെ അതിജീവിച്ച് സമൂഹത്തിലെ എല്ലാ ഉത്തരവാദിത്വങ്ങളും നിറവേറ്റാൻ അവരെ പ്രാപ്തമാക്കുകയാണ് സർക്കാർ. തൊഴിൽ രംഗത്ത് ഭിന്നശേഷിക്കാർക്ക് അർഹമായ സംവരണം ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി.ശിവൻകുട്ടി അധ്യക്ഷത വഹിച്ചു. സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ എം.അഞ്ജന, കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനിയറിംഗ് കമ്പനി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ റിട്ട. കേണൽ ഷാജി എം. വർഗീസ്, കെ.എസ്.എച്ച്.പി. ഡബ്ല്യൂ.സി മുൻ ചെയർമാൻ അഡ്വ. പരശുവയ്ക്കൽ മോഹനൻ, കെ.എസ്.എച്ച്.പി. ഡബ്ല്യൂ.സി മുൻ ഡയറക്ടർ കൊറ്റാമം വിമൽ കുമാർ, കെ.എസ്.എച്ച്.പി. ഡബ്ല്യൂ.സി മാനേജിംഗ് ഡയറക്ടർ കെ. മൊയ്തീൻകുട്ടി തുടങ്ങിയവർ സംബന്ധിച്ചു.

# ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്ക് ഫീസ് റീ ഇംബേഴ്സ്മെന്റ്

അഖിലേന്ത്യാ സിവിൽ സർവീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈന ന്യൂനപക്ഷ മത വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് കോഴ്സ് ഫീസും, ഹോസ്റ്റൽ ഫീസും ജനസംഖ്യാനുപാതികമായി റീ ഇംബേഴ്സ് ചെയ്യുന്ന പദ്ധതിയിൽ അപേക്ഷ ക്ഷണിച്ചു.

കോഴ്സ് ഫീസായി പരമാവധി 20,000 രൂപയും ഹോസ്റ്റൽ ഫീസായി പരമാവധി 10,000 രൂപയുമാണ് നൽകുന്നത്. അപേക്ഷകർ കേരള സിവിൽ സർവീസ് അക്കാദമി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ റിസർച്ച്പൊന്നാനി, യൂണിവേഴ്സിറ്റികൾ നടത്തുന്ന പരിശീലന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ സിവിൽ സർവീസ് പരിശീലനം നടത്തുന്നവരും നോൺ ക്രീമിലിയർ പരിധിയിൽ ഉൾപ്പെടുന്നവരുമായിരിക്കണം. വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനം നേരിട്ടു നടത്തുന്ന ഹോസ്റ്റലുകളിലും, സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലുകളിൽ നിന്ന് പഠിക്കുന്നവർക്കും ഹോസ്റ്റൽ സ്റ്റൈപ്പന്റിന് അപേക്ഷിക്കാം. ഫീസ് അടച്ചതിന്റെ അസൽ രസീതിൽ വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവി ഒപ്പ് രേഖപ്പെടുത്തണം. അപേക്ഷകരുടെ വാർഷിക വരുമാനം എട്ട് ലക്ഷം രൂപയിൽ കവിയരുത്. ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്ക് മുൻഗണന നൽകും. അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. www.m-inor-tiyw-e-l-f-ar-e.k-er-a-l-a.gov.in വഴി ഓൺലൈനായി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 0471 2300524.

# കോവിഡ് സ്ക്വാഡ് പരിശോധന 13 സ്ഥാപനങ്ങൾക്ക് പിഴയിട്ടു

കോവിഡ് മാനദണ്ഡ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി നടത്തുന്ന താലൂക്കുതല സ്ക്വാഡ് പരിശോധനയിൽ 13 സ്ഥാപനങ്ങൾക്ക് പിഴ ചുമത്തി.

തൃക്കരുവ, കുണ്ടറ, ഇളമ്പള്ളൂർ, കല്ലുവാതുക്കൽ, കൊറ്റങ്കര, പെരിനാട്, കൊല്ലം, കോർപ്പറേഷൻ, ചാത്തന്നൂർ, പരവൂർ, തൃക്കോവിൽവട്ടം എന്നിവിടങ്ങളിൽ നടന്ന പരിശോധനയിൽ ആറ് കേസുകളിൽ പിഴ ഈടാക്കി. 315 കേസുകളിൽ താക്കീത് നൽകി.

കൊട്ടാരക്കര, ചടയമംഗലം, കരീപ്ര, ഇളമാട്, മേലില, വെട്ടിക്കവല, വെളിയം, വെളിനല്ലൂർ, പൂയപ്പള്ളി, ചിതറ, ഉമ്മന്നൂർ, നിലമേൽ, ഇട്ടിവ, കടയ്ക്കൽ, കുമ്മിൾ പ്രദേശങ്ങളിൽ നടത്തിയ പരിശോധനയിൽ മൂന്ന് കേസുകൾക്ക് പിഴ ചുമത്തി. 360 കേസുകൾക്ക് താക്കീത് നൽകി. കരുനാഗപ്പള്ളിയിലെ നീണ്ടകര, ഓച്ചിറ, ആലപ്പാട്, തെക്കുംഭാഗം, ചവറ, പ ന, തഴവ, തൊടിയൂർ, തേവലക്കര, ക്ലാപ്പന, കെ. എസ്. പുരം ഭാഗങ്ങളിൽ നടത്തിയ പരിശോധനയിൽ നാല് സ്ഥാപനങ്ങൾക്ക് പിഴചുമത്തി. 124 എണ്ണത്തിന് താക്കീത് നൽകി.

പത്തനാപുരം, പിറവന്തൂർ, പിടവൂർ എന്നിവിടങ്ങളിൽ നടന്ന പരിശോധനയിൽ 11 കേസുകൾക്ക് താക്കീത് നൽകി. പുനലൂരിൽ തെ ല, ആയിരനല്ലൂർ എന്നിവിടങ്ങളിൽ നടത്തിയ പരിശോധനയിൽ 12 കേസുകളിൽ താക്കീത് നൽകി. കുന്നത്തൂർ, ശാസ്താംകോട്ട, പടിഞ്ഞാറേകല്ലട, ശൂരനാട് തെക്ക്, ശൂരനാട് വടക്ക്, പോരുവഴി, മൈനാഗപ്പള്ളി എന്നിവിടങ്ങളിൽ നടന്ന പരിശോധനയിൽ 126 കേസുകൾക്ക് താക്കീത് നൽകി.

# ഐ. ടി.ഐ. പ്രവേശനം

സർക്കാർ ഐ. ടി ഐകളിലെ 2021 22 വർഷത്തെ പ്രവേശനത്തിന്റെ ഭാഗമായി 2017ലെ ഓഖി ദുരന്തത്തിൽ മരണമടയുകയോ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് അപേക്ഷിക്കാം. h-ttp-s://i-ti-a-dm-i-ssion-s.k-er-a-l-a.gov.in പോർട്ടൽ വഴിയും h-ttp-s://d-e-t.k-er-a-l-a.gov.in വെബ്സൈറ്റിലെ ലിങ്ക് മുഖേനയും ഓൺലൈനായി അപേക്ഷിക്കണമെന്ന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലും 04742792850 നമ്പറിലും ലഭിക്കും.

# വനിതകൾക്കു ചാട്ടവാറടി; മാധ്യമപ്രവർത്തകർക്കു മർദനം



കാബൂൾ: താലിബാനെ വെല്ലുവിളിച്ച് അഫ്ഗാൻ ജനത തെരുവിൽ പ്രതിഷേധം തുടരുന്നു. പ്രതിഷേധത്തിനു നേതൃത്വം നല്കിയ വനിതകളെ ഭീകരർ ചാട്ടവാറിനടിച്ചു. പ്രതിഷേധം റിപ്പോർട്ട് ചെയ്ത മാധ്യമപ്രവർത്തകരെ മർദിച്ചവശരാക്കി. പ്രതിഷേധങ്ങൾ നിയന്ത്രിക്കാനുള്ള ശ്രമത്തിൻറെ ഭാഗമായി കാബൂളിലെ ചില ഭാഗങ്ങളിൽ ഇൻറർനെറ്റ് നിരോധിച്ചതായി റിപ്പോർട്ടുകളുണ്ട്.

വീട്ടിലിരിക്കണമെന്നും പ്രതിഷേധത്തിനു മുന്പ് അനുമതി വാങ്ങണമെന്നുമുള്ള താലിബാൻറെ ശാസനം ജനം വകവയ്ക്കുന്നില്ല. ഇന്നലെ കാബൂളിലെ പാക്കിസ്ഥാൻ എംബസിക്കു മുന്നിൽ പ്രതിഷേധം അരങ്ങേറി. പ്രതിഷേധക്കാരെ പിരിച്ചുവിടാൻ ഭീകരർ ആകാശത്തേക്കു വെടിയുതിർത്തു. പർവാൻ, നിമ്രൂസ് പ്രവിശ്യകളിലും പ്രകടനങ്ങൾ നടന്നു.

പുരുഷന്മാരെ മാത്രം ഉൾപ്പെടുത്തിയ താലിബാൻ സർക്കാരിനെ അംഗീകരിക്കില്ലെന്നു പറഞ്ഞ് ബുധനാഴ്ച കാബൂളിൽ പ്രകടനം നടത്തിയ വനിതകളെ ഭീകരർ ചാട്ടവാറുകൊണ്ടും വടികൊണ്ടും മർദിച്ചാണു തുരത്തിയത്. അഫ്ഗാൻ വനിതകൾ നീണാൾ വാഴട്ടെ എന്ന മുദ്രാവാക്യമുയർത്തി പ്രതിഷേധിക്കുന്നതിൻറെ വീഡിയോ പുറത്തുവന്നു.

വനിതാ പ്രതിഷേധം റിപ്പോർട്ട് ചെയ്തതിന് താലിബാൻ അറസ്റ്റ് ചെയ്ത രണ്ടു മാധ്യമപ്രവർത്തകർ ക്രൂരമർദനത്തിന് ഇരയായെന്നു വ്യക്തമാക്കുന്ന ചിത്രങ്ങൾ പുറത്തുവന്നു.

കാബൂളിൽനിന്നു പ്രസിദ്ധീകരിക്കുന്ന എറ്റിലാട്രോസ് പത്രത്തിലെ വീഡിയോ എഡിറ്റർ നിമാത്ത് നഖ്ദി, റിപ്പോർട്ടർ താഖി ദർയാബി എന്നിവരാണു മർദനത്തിനിരയായത്. അടിവസ്ത്രം ധരിച്ചു നിൽക്കുന്ന രണ്ടു പേരുടെയും പുറത്തും കാലുകളും മർദനമേറ്റു ചുവന്നിരിക്കുന്നതു ചിത്രങ്ങളിൽ കാണാം.

എറ്റിലാട്രോസ് പത്രവും ലോസ് ആഞ്ചൽസ് ടൈംസിൻറെ വിദേശകാര്യ ലേഖകൻ മാർക്കസ് യാമുമാണു ചിത്രങ്ങൾ പുറത്തുവിട്ടത്.

തങ്ങളെ തട്ടിക്കൊണ്ടുപോയി വ്യത്യസ്ത മുറികളിലാക്കി പീഡിപ്പിക്കുകയായിരുന്നുവെന്നു നഖ്ദി പറഞ്ഞു. ഭീകരർ തലയിൽ കാലമർത്തി മുഖം നിലത്തുരയ്ക്കുകയും തലയ്ക്കു തൊഴിക്കുകയും ചെയ്തതായി ഇദ്ദേഹം കൂട്ടിച്ചേർത്തു.

ഇതിനിടെ അഫ്ഗാനിസ്ഥാനിൽ കുടുങ്ങിയ അമേരിക്കക്കാർ അടക്കമുള്ള വിദേശികളിൽ ഇരുന്നൂറോളം പേർ ഇന്നലെ ഖത്തർ എയർവേസിൻറെ ചാർട്ടർ വിമാനത്തിൽ കാബൂൾ വിമാനത്താവളം വഴി മടങ്ങി. ഇന്ന് ഒരു വിമാനംകൂടി എത്തും.

## ലക്ചറർ നിയമനം

തിരുവനന്തപുരം കൈമനം സർക്കാർ വനിതാ പോളിടെക്നിക് കോളേജിലെ കൊമേഴ്സ്യൽ പ്രാക്ടീസ് വിഭാഗത്തിൽ ദിവസ വേതനടിസ്ഥാനത്തിൽ ലക്ചറർ ഇൻ കൊമേഴ്സ്, ലക്ചറർ ഇൻ കൊമേഴ്സ്യൽ പ്രാക്ടീസ്, ഇൻസ്ട്രക്ടർ ഇൻ ഷോർട് ഹാൻഡ്, ഇൻസ്ട്രക്ടർ ഇൻ എസ്.പി ആന്റ് ബി.സി എന്നീ തസ്തികകളിൽ താത്കാലിക നിയമനം നടത്തും. ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി 14ന് രാവിലെ 10 മണിക്ക് സർക്കാർ വനിതാ പോളിടെക്നിക് കോളേജ് പ്രിൻസിപ്പൽ മുൻപാകെ കൂടിക്കാഴ്ചക്ക് ഹാജരാകണം.

## ജില്ലയിൽ 'ഡ്രൈവ് ത്രൂ' വാക്സിനേഷനും 'ബി ദ വാരിയർ' ക്യാമ്പയിനും തുടക്കമായി

യാത്രക്കാർക്ക് വാഹനങ്ങളിലെത്തി വാകസിൻ നൽകുന്ന പരിപാടി ആശ്രാമം മൈതാനത്ത് മേയർ പ്രസന്ന ഏണസ്റ്റ് ഉദ്ഘാടനം ചെയ്തു. ആരോഗ്യ വകുപ്പ് സംഘടിപ്പിക്കുന്ന പ്രചരണ പരിപാടിയുടെ ലോഗോ ജില്ലാ കളക്ടർ ബി. അബ്ദുൽ നാസർ പ്രകാശനം ചെയ്തു.

ഉമയനല്ലൂർ സ്വദേശിയായ സജീവന് കോവിഷീൽഡ് ആദ്യ ഡോസ് നൽകി ഡ്രൈവ് ത്രൂ പരിപാടി തുടങ്ങി. 50 പേർക്ക് സ്പോട്ട് രജിസ്ട്രേഷനിലൂടെയും 10 പേർക്ക് ഓൺലൈൻ രജിസ്ട്രേഷനിലൂടെയും വാക്സിൻ നൽകി. ഓൺലൈനായി രജിസ്റ്റർ ചെയ്തവർക്ക് തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിലാണ് കുത്തിവയ്പ്പ് നടത്തുന്നത്.

ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ആർ. ശ്രീലത, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ദേവ് കിരൺ, ജില്ലാ വാക്സിനേഷൻ നോഡൽ ഓഫീസർ ഡോ. അനു എം. എസ്, ആരോഗ്യ കേരളം പ്രചാരണ വിഭാഗം കൺസൽട്ടന്റ് അശ്വനി രവീന്ദ്രൻ, ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

## സ്കോളർഷിപ്പ് അപേക്ഷ 25 വരെ സ്വീകരിക്കും

ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പിനുള്ള അപേക്ഷ 25 വരെ തിരുവനന്തപുരം അർബൻ 1 ഐ സി ഡി എസ് പ്രോജക്ടിൽ സ്വീകരിക്കും. അപേക്ഷാ ഫോമിനും വിശദവിവരങ്ങൾക്കും ശിശുവികസന പദ്ധതി ഓഫീസർ, ഐ സി ഡി എസ് പ്രോജക്ട് ഓഫീസ്, സുബാഷ് നഗർ, ഈഞ്ചക്കൽ (ഫോൺ 0471 2464059) എന്ന വിലാസത്തിൽ ബന്ധപ്പെടണം.



# പട്ടം എസ് യു ടി ആശുപത്രിയിൽ 'കോവിഡ് ഫ്രണ്ട്ലൈൻ വർക്കർ കോഴ്സുകൾ' ആരംഭിച്ചു

തിരുവനന്തപുരം: പട്ടം എസ് യു ടി ആശുപത്രിയിൽ എൻ എസ് ഡി സി (നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ), എച്ച് എസ് ഡി സി (ഹെൽത്ത് കെയർ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ) എന്നീ കേന്ദ്ര /സംസ്ഥാന ഗവണ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും എ എച്ച് പി ഐ (അസോസിയേഷൻ ഓഫ് ഹെൽത്ത് കെയർ പ്രൊവൈഡർസ് ഇന്ത്യ) എന്ന പ്രൈവറ്റ് ആശുപത്രികളുടെ സംഘടനയും ചേർന്ന് 21 ദിവസത്തെ തിയറി ക്ലാസ്സും 3 മാസത്തെ ജോലി പരിശീലനവും ഉൾപ്പെടുത്തി സൗജന്യ സർട്ടിഫിക്കേഷൻ കോഴ്സുകൾ സംഘടിപ്പിക്കുന്നു. പട്ടം എസ് യു ടി ആശുപത്രിയുടെ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കേണൽ രാജീവ് മണ്ണാളി കോഴ്സുകൾ ഉദ്ഘാടനം ചെയ്തു. കോറോണക്കെതിരെ ഒറ്റക്കെട്ടായി പോരാടുക എന്ന സന്ദേശം പങ്കുവച്ചുകൊണ്ട് കോവിഡ് യോദ്ധാക്കളെ തയ്യാറാക്കുക, അതിനോടൊപ്പം പത്താം ക്ലാസ്സ് യോഗ്യതയുള്ളവർക്ക് ജോലി സാധ്യത നൽകുക എന്നിവയാണ് കോഴ്സിന്റെ ഉദ്ദേശം. കോവിഡ് മാനദണ്ഡം പാലിച്ചാണ് ക്ലാസ്സുകൾ നടത്തുക. മെഡിക്കൽ സൂപ്രണ്ട് അനൂപ് ചന്ദ്ര പൊതുവാൾ, സി. എൽ. ഒ. രാധാകൃഷ്ണൻ നായർ എസ് യു ടി നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പൽ അനുരാധ ഹോമിൻ, എച്ച് ആർ മാനേജർ ദേവി കൃഷ്ണ, ക്വാളിറ്റി വിഭാഗം മേധാവി ട്രീസ്സ, ഫിനാൻസ് മാനേജർ അജയ് ശർമ്മ, നഴ്സിംഗ് സൂപ്രണ്ട് റെയ്ച്ചലമ്മ ജേക്കബ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു



ഭിന്നശേഷി സഹായ ഉപകരണ ഷോറൂം മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്യുന്നു

## കോടതിയുടെ പരിഗണനയിലുള്ള കേസുകൾ പരിഗണിക്കാനാകില്ല വനിതാ കമ്മീഷൻ

കോടതിയുടെ പരിഗണനയിലുള്ള കേസുകൾ വനിതാ കമ്മീഷൻ അദാലത്തിൽ പരിഗണിക്കാനാകില്ലെന്ന് കമ്മീഷൻ അംഗം ഡോ. ഷാഹിദ കമാൽ. ആശ്രാമം സർക്കാർ അതിഥി മന്ദിരത്തിൽ നടന്ന അദാലത്തിൽ ലഭിച്ച പരാതിയെ തുടർന്നാണ് നിർദേശം. കോടതിയുടെ പരിഗണനയിലുള്ള കേസുകൾ തീർപ്പാക്കുന്നതിന് മുമ്പ് അതേ പരാതിയുമായി വനിതാ കമ്മീഷനെ സമീപിക്കുന്ന രീതി ഒഴിവാക്കണമെന്നാണ് പറഞ്ഞത്.

കുടുംബപ്രശ്നം സംബന്ധിച്ച കേസ് വാദിക്കുന്നതിന് വക്കീലിന്റെ സൗജന്യ സേവനം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് മന്ത്രിക്ക് ലഭിച്ച നിവേദനം കമ്മിഷന് കൈമാറിയതിന്റെ അടിസ്ഥാനത്തിൽ സൗജന്യ സേവനം അനുവദിക്കാൻ തീരുമാനിച്ചു.

. റിക്രൂട്ട്മെന്റ് ഏജൻസിയിൽ വേതനം നൽകുന്നില്ലെന്ന പരാതിയിൽ സ്ഥാപന ഉടമ ഹാജരാകാത്തതിനെ തുടർന്ന് കിളികൊല്ലൂർ എസ്.എച്ച്.ഒയ്ക്ക് പരാതി കൈമാറി കമ്മിഷന് മുന്നിൽ ഹാജരാക്കാൻ നിർദ്ദേശിച്ചു.

കോവിഡ് പ്രോട്ടോകോൾ പാലിച്ച് നടന്ന അദാലത്തിൽ 57 പരാതികൾ ലഭിച്ചു. എട്ട് എണ്ണം തീർപ്പാക്കി. നാല് പരാതികൾ മറ്റ് വകുപ്പുകളിൽ നിന്ന് റിപ്പോർട്ട് തേടുന്നതിനും 45 എണ്ണം അടുത്ത അദാലത്തിലേക്കും മാറ്റി. അദാലത്ത് ഇന്നും (സെപ്റ്റംബർ 10) തുടരും.

കമ്മീഷൻ അംഗം ഇ. എം. രാധ, അഡ്വ. ബെച്ചി കൃഷ്ണ, അഡ്വ. ജയ കമലാസനൻ, അഡ്വ. സുമലാൽ, അഡ്വ. ഷിജി ശിവജി, കമ്മീഷൻ സി. ഐ. സുരേഷ് കുമാർ, കൗൺസിലർ സിസ്റ്റർ സംഗീത തുടങ്ങിയവർ പങ്കെടുത്തു.

## പ്യൂൺ തസ്തികയിലെ ഫലം പ്രസിദ്ധീകരിച്ചു; സർട്ടിഫിക്കറ്റ് പരിശോധന 27 മുതൽ

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പ്യൂൺ (കാറ്റഗറി നമ്പർ 1/2019) തസ്തികയിൽ ഒ.എം.ആർ പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സാദ്ധ്യതാ പട്ടിക പ്രസിദ്ധീകരിച്ചു. ലിസ്റ്റിന്റെ കോപ്പി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഓഫീസിലും വെബ്സൈറ്റിലും പരിശോധിക്കാം. സാദ്ധ്യതാപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സെപ്റ്റംബർ 27 മുതൽ 30 വരെ തിരുവനന്തപുരത്ത കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ നടത്തും. സാദ്ധ്യതാ പട്ടികയിലെ ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകളുടെ അതേ ക്രമത്തിലായിരിക്കും വേരിഫിക്കേഷൻ നടത്തുക. ഓരോ രജിസ്റ്റർ നമ്പറിനും നിശ്ചയിക്കപ്പെട്ട തീയതിയിലും സമയത്തും ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ അസ്സലും കോപ്പിയും സഹിതം നേരിട്ട് ഹാജരാകാത്ത ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തില്ല. വേരിഫിക്കേഷൻ തീയതി, സമയം, സ്ഥലം എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ ০০০.സറ്യയ.സല്യമഹമ.ഴീ.ശി ൽ ഉടൻ പ്രസിദ്ധീകരിക്കും. സാദ്ധ്യതാപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കും ഇത് സംബന്ധിച്ച കത്തും എസ്.എം.എസും അയയ്ക്കും. സെപ്റ്റംബർ 22 വരെ അറിയിപ്പ് ലഭിക്കാത്ത സാദ്ധ്യതാപട്ടികയിൽ ഉൾപ്പെട്ടവർ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഓഫീസുമായി ബന്ധപ്പെടണം.

## നഴ്സിംഗ് കോഴ്സ് പ്രവേശനം

ആരോഗ്യ വകുപ്പിന്റെ പരിധിയിലുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിങ് സ്കൂളിൽ 2021ൽ ആരംഭിക്കുന്ന ഓക്സിലിയറി നേഴ്സിങ് ആൻഡ് മിഡ് വൈഫറി കോഴ്സ് പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. വിമുക്തഭട ാരുടെ ആശ്രിതരായ പെൺമക്കൾക്കും പ്രതിരോധ സേനയിൽ സേവനത്തിലിരിക്കെ മരണപ്പെട്ടവരുടെയും കാണാതായവരുടെയും പെൺമക്കൾക്കുമായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്കാണ് പ്രവേശനം.

എസ്. എസ്. എൽ. സി, പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കണം. അപേക്ഷാ ഫോമും പ്രോസ്പെക്ടസും ০০০.റവസെല്യമഹമ.ഴീ.ശി വെബ് സൈറ്റിൽ. അപേക്ഷയും പ്രോസ്പെക്ടസിൽ ആവശ്യപ്പെട്ടിട്ടുള്ള സർട്ടിഫിക്കറ്റുകളും ബന്ധപ്പെട്ട നഴ്സിംഗ് സെന്റർ പ്രിൻസിപ്പലിന് നേരിട്ട് അയയ്ക്കണം. അപേക്ഷയുടെ പകർപ്പും വിമുക്തഭട തിരിച്ചറിയൽ കാർഡ്, ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ നിന്ന് നേടിയ ആശ്രിത സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പും സൈനികക്ഷേമ ഡയറക്ടർ, സൈനിക ക്ഷേമ ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം33 വിലാസത്തിൽ സെപ്റ്റംബർ 14 ന് മുമ്പ് സമർപ്പിക്കണമെന്ന് ജില്ലാ സൈനിക ക്ഷേമ ഓഫീസർ അറിയിച്ചു. ഫോൺ 0474 2792987.

## ഓഫ്സെറ്റ് പ്രിന്റിംഗ് ടെക്നോളജി സീറ്റൊഴിവ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗും സംയുക്തമായി തിരുവനന്തപുരത്തുള്ള ട്രെയിനിംഗ് ഡിവിഷനിൽ ആരംഭിക്കുന്ന ഒരു വർഷ ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് ഇൻ ഓഫ്സെറ്റ് പ്രിന്റിംഗ് ടെക്നോളജി കോഴ്സിൽ സീറ്റുകൾ ഒഴിവുണ്ട്. അപേക്ഷകർ പ്ലസ് ടു/വി.എച്ച്.എസ്.ഇ /ഡിപ്ലോമ അഥവാ തത്തുല്യ യോഗ്യത പാസായിരിക്കണം. പട്ടികജാതി/പട്ടികവർഗ/മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് സൗജന്യമുണ്ട്. പഠനകാലയളവിൽ സ്റ്റൈപ്പന്റും ലഭിക്കും. ഒ.ബി.സി./എസ്.ഇ.ബി.സി/ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാന പരിധിക്ക് വിധേയമായി ഫീസ് സൗജന്യം ലഭിക്കും.

അപേക്ഷകർ വിദ്യാഭ്യാസ യോഗ്യത, ജാതി വരുമാനം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗ്, ട്രെയിനിംഗ് ഡിവിഷൻ സിറ്റി സെന്റർ, പുന്നപുരം, പടിഞ്ഞാറേ കോട്ട, തിരുവനന്തപുരം 695 024 എന്ന വിലാസത്തിൽ നേരിട്ടെത്തണം. വിശദവിവരങ്ങൾക്ക്: ০০০.രമുസേല്യമഹമ.രീ, ഫോൺ: 04712474720, 0471 2467728.



കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സി.എഫ്.എൽ.റ്റി.സി. കളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നിയോഗിച്ചിരുന്ന സന്നദ്ധപ്രവർത്തകരെ ജില്ലാ കലക്ടർ അനുമോദിക്കുന്നു

## സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്

സംസ്ഥാനത്തിത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 202122 അദ്ധ്യയന വർഷത്തെ സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപെന്റ് (റിന്യൂവൽ) നൽകുന്നതിന് സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.